ആരും നോക്കി നിന്നു പോകുന്ന നിറങ്ങളിൽ ചാലിച്ച ചിത്രങ്ങളും, യാത്രകളിലെ സുന്ദര ദൃശ്യങ്ങൾ പകർത്തിയ ചിത്രങ്ങളും കൊണ്ട് പ്രസിദ്ധയായ ഒരു യുവ ബാങ്കർ ആകട്ടെ ഈ ദളത്തിലെ ടാലന്റഡ് ബാങ്കർ.

അമ്പിളി നിഖിൽ
ഫെഡറൽ ബാങ്ക് ലിമിറ്റഡ്
വടക്കഞ്ചേരി ശാഖ

പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ ജനനം. ശ്രീ A K രവീന്ദ്രന്റെയും R പ്രേമരാധയുടെയും മൂന്ന് പെൺമക്കളിൽ മൂത്തയാൾ. മാതാപിതാക്കൾ രണ്ടു പേരും യു .പി .സ്കൂൾ പ്രധാനാദ്ധ്യാപകരായി വിരമിച്ചവർ.

വടക്കഞ്ചേരി ചെറുപുഷ്പം ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ പന്ത്രണ്ടാം തരം വരെ പഠനം. നെന്മാറ എൻ എസ് എസ് കോളേജിൽ നിന്നും ഭൗതിക ശാസ്ത്രത്തിൽ ബിരുദവും, അതേ വിഷയത്തിൽ പാലാ സെയിന്റ് തോമസ് കോളേജിൽ നിന്നും ബിരുദാനന്തര ബിരുദവും നേടി.

കുട്ടിക്കാലം മുതൽ കര കൗശലത്തിലും, ചിത്ര രചനയിലും (പ്രത്യേകിച്ചും തുണിച്ചായം ), bottle art , പേപ്പർ ആർട്ട് എന്നിവയിലുമായിരുന്നു താല്പര്യം. അടുത്ത കൂട്ടുകാർക്കും, പരിചയക്കാർക്കും അവരുടെ ജീവിതത്തിലെ വിശേഷ ദിവസങ്ങളിൽ സ്വയം നിർമിച്ച ആശംസാ കാർഡുകൾ സമ്മാനിക്കുന്ന പതിവും ഉണ്ടായിരുന്നു, ചെറിയ രീതിയിൽ ഉള്ള കലാ വാസനയ്ക്ക് യഥാർത്ഥത്തിൽ ഒരു വഴിത്തിരിവ് ഉണ്ടായതു 2015 ലാണ്. സ്വഭവന നിർമാണ വേളയിൽ , വീടിനകത്തെ മുറിയിൽ ഒരു മ്യൂറൽ പെയിന്റിംഗ് വേണമെന്ന ആഗ്രഹവും, അത് തേടിയുള്ള അന്വേഷണം വർണ്ണങ്ങളുടെ പുതുലോകത്തേക്കാണ് അമ്പിളിയെ എത്തിച്ചത്.

ചിത്രങ്ങൾ വില്പനയ്ക്ക് വച്ചിരിക്കുന്ന സ്ഥാപനമുടമയും , എണ്ണച്ചായാ ചിത്ര വിദഗ്ധനുമായ Baby Master ആയിരുന്നു വർണലോകത്തേക്കുള്ള ആ വഴികാട്ടി. അമ്പിളിയിലെ ചിത്രകാരിയെ തിരിച്ചറിഞ്ഞ അദ്ദേഹം താൻ വരച്ച ചിത്രങ്ങൾ വാങ്ങാൻ വന്ന ആ കലാകാരിയോട് എന്ത് കൊണ്ട് ചിത്രം സ്വയം വരച്ചു കൂടാ എന്നൊരു മറുചോദ്യം ചോദിച്ചു. മാസ്റ്ററുടെ ശിക്ഷണത്തിലും മേൽനോട്ടത്തിലും അമ്പിളി മ്യൂറൽ പെയിന്റിംഗ് രചന സ്വായത്തമാക്കാൻ തുടങ്ങി. സ്വന്തം കഴിവിലും, പിന്നെ മാസ്റ്ററുടെ മേൽനോട്ടത്തിലും തന്റെ ആദ്യ മ്യൂറൽ ചിത്രം വിജയകരമായി പൂർത്തിയാക്കി. അതും സ്വഭവനത്തിന്റെ പണി പൂർത്തിയാകും മുമ്പ് തന്നെ !!

അമ്പിളി വരച്ച മ്യൂറൽ പെയിന്റിംഗ് കണ്ടവർക്കെല്ലാം ഒരു പാടിഷ്ടമായി. ആ പ്രചോദനങ്ങളാണ് പിന്നീട് കൂടുതൽ മ്യൂറൽ പെയിന്റിംഗ് വരയ്ക്കുവാൻ പ്രേരണയായത്. അതിലുപരി വരയുടെ മറ്റ് സങ്കേതങ്ങളും

പരീക്ഷിക്കുവാനും ആത്മവിശ്വാസമേറി. പ്രത്യേകിച്ചും അക്രിലിക്.

ചിത്ര രചന കൂടാതെ യാത്രകളും ഒരുപാടിഷ്ടമാണ് . പൂക്കളോടും, പൂമ്പാറ്റകളോടും ബാല്യം മുതൽ ഇഷ്ടമായതു കൊണ്ട് അവയൊക്കെ ഫ്രേമിൽ ആക്കാൻ ഫോട്ടോഗ്രഫിയിലും ഒരു കൈ വച്ചു. താൻ വരച്ച ചിത്രങ്ങളും , യാത്രകളിൽ ഒപ്പിയെടുത്ത ഛായ പടങ്ങളും പങ്കുവയ്ക്കാൻ തുടങ്ങിയ ഇൻസ്റ്റാഗ്രാം പേജിന് വളരെ മികച്ച പ്രതികരണമാണ് കിട്ടുന്നത്. എണ്ണായിരത്തിനു മേൽ ഫോളോവെർസ് ഉള്ളത് അതിശയകരവും, അൽപ്പം അഭിമാനത്തോടെ അമ്പിളി ചൂണ്ടിക്കാട്ടുന്നു.

ഇതിലെല്ലാം ഉപരി തന്റെ കഴിവുകൾ പുറത്തെടുക്കാൻ TB ഗ്രൂപ്പിൽ അംഗമായത് കൂടുതൽ ഉതകിയെന്നു അമ്പിളി ആത്മ വിശ്വാസത്തോടെ പറയുന്നു . കൊല്ലത്തു വച്ച് ഇക്കഴിഞ്ഞ മേയ് മാസം നടന്ന മൂന്നാമത് TB മീറ്റിൽ അമ്പിളിയുടെ രചനകൾ Tabex കൗണ്ടറിൽ ഉണ്ടായിരുന്നത് മീറ്റിൽ വന്നവരുടെ ശ്രദ്ധ ആകർഷിച്ചിരുന്നു.

വരയിലായാലും, ഫോട്ടോഗ്രാഫിയിൽ ആയാലും തന്റേതായൊരു രീതി പിന്തുടരുന്നതാണ് ശീലം. അതടിസ്ഥാനമാക്കി ഭാവിയിൽ സ്വന്തം ചിത്രങ്ങളുടെ പ്രദർശനമാണ് ലക്ഷ്യം, ആ ലക്ഷ്യം സാർത്ഥകമാകുന്നതിനു TB ഗ്രൂപ്പിന്റെ ഭാവുകങ്ങൾ.

നേരിൽ കാണുമ്പോൾ ഇഷ്ടം തോന്നുന്ന ചിത്രങ്ങൾ മാത്രമല്ല, നല്ല ഫോട്ടോസ് നോക്കി അത് പെയിൻ്റിങ് ആക്കാനും ശ്രമിക്കാറുണ്ട്. സ്വരചനകളിലെ വ്യക്തികളുടെ ചിത്രങ്ങളൊക്കെ സ്വന്തം ഭാവനയിൽ നിന്നും ഉരു തിരിഞ്ഞു വന്നത് മാത്രം.

മദ്രാസ് IIT യിൽ നിന്നും PhD നേടി, Netherands Technical University യിൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന് ചേർന്ന സാന്ദ്രയും, ആയുർവേദ ഡോക്ടറായ ആർദ്രയുമാണ് അമ്പിളിയുടെ ഇളയ സഹോദരിമാർ.

ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ ശേഷം ഫെഡറൽ ബാങ്കിന്റെ മണ്ണാർക്കാട് ശാഖയിൽ ക്ലർക്ക് ആയി 2008 സെപ്റ്റംബറിൽ നിയമനം. 2010 മുതൽ വടക്കഞ്ചേരി ശാഖയിൽ.

കലയിൽ കുടുംബത്തിൻ്റെ പരിപൂർണ്ണ പിന്തുണയാണ് തൻ്റെ ശക്തിയെന്ന് മടിക്കാതെ ഈ എളിയ കലാകാരി തുറന്ന് സമ്മതിക്കുന്നു.

കൊച്ചി direcotate of revenue ഇന്റലിജൻസിൽ superintendent ആയി ജോലി നോക്കുന്ന നിഖിൽ ആണ് അമ്പിളിയുടെ ജീവിത പങ്കാളി.

മഞ്ഞപ്ര ഭവൻസ് വിദ്യാ മന്ദിർ സ്കൂളിൽ ആറാം തരത്തിൽ പഠിക്കുന്ന വേദ ഏക മകളും.

വർണ്ണങ്ങളുടെ വിസ്മയ ലോകത്തു നിറക്കൂട്ടുകളാൽ സമ്പന്നമായ സൃഷ്ടികൾ തീർക്കാൻ അമ്പിളിക്ക് TB ഗ്രൂപ്പിന്റെ എല്ലാ വിധ ഭാവുകങ്ങളും.

------------------------------------------------------------------------------------------------

തയ്യാറാക്കിയത് : നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ, സോണൽ ഓഫീസ്, തിരുവനന്തപുരം

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

------------------------------------------------------------------------------------------------

Let's unveil this week, a talented banker who through her travel snaps brimming with alluring hues embodying aesthetics and encapsulating succinct images leaves the spectators spell bound making them look up to her in awe her quest to forge a legacy in the realm of art.

Ambili Nikhil
Federal Bank Ltd.
Vadakancheri branch

Born at Kannambra in Palakkad district as the eldest of three daughters of Shri A K Ravindran and Smt. R.Premaradha who retired as UP school Headmasters, Ambily had her education till 12th grade at Cherupushpam Girls Higher Secondary School in Vadakkancheri.

She holds a graduation in Geography from NSS College, Nenmara and Post Graduation in the same subject from St. Thomas College, Pala.

Since her formative years , Ambily was interested in craft making, drawing,fabric painting,bottle art and paper art. She used to gift self-designed greeting cards to her friends and acquaintances on special days in their lives.Her artistic life took a profound turn in 2015.

Her desire to have a mural painting in the room of her house which was about to be constructed for her and her hunt for one led her to a novel world of colours.

Baby Master, the owner of a shop which sells mural paintings and an oil painting expert was her mentor and guide to the domain of colours.Taking cognizance of the artist in Ambily, he ignited her talent in mural painting and there after under his tutelage, Ambili completed her very first endeavour in mural painting,that too even before the construction of her own house got completed.

Everyone admired Ambily's works of art,which ended up being her daily dose of artistic inspiration. To top it all off, it instilled in her the confidence to experiment with acrylic painting as well.

Ambily is keen about traveling also. Her fondness for flowers and butterflies since childhood, introduced her to photography which she branched her interest into, finding it as a medium for capturing the enthralling images nature has in store.Her drawings and photographs taken during travels shared through her Instagram page which has more than eight thousand followers, of which she proudly gets quite copious about, garnered a resoundingly positive response.

Ambili confidently recounts that being a member of the TB group has helped her to unfurl her wings of talent.She could showcase her skills in the Tabex counter at the third TB meet held in Kollam this May,which attracted the attention of many.

Be it in drawing or photography,Ambily takes interest in travelling untrodden paths.She aspires to exhibit her works in future and TB Group wishes her all the best to materialize her dream.

Ambily makes drawings of photos as well. She has two sisters- Sandra, who completed her post graduation from IIT Madras and has joined Netherlands Technical University for post doctoral fellowship and Ardra who is an ayurvedic doctor by profession.

After having completed her post graduation, Ambily joined the Mannarkkad branch of Federal Bank as a clerk in September 2008.She has been working in Vadakkancheri branch since 2010.

Ambily proudly opines that it is her family which extends her all their support and makes who she is, as an artist.

Ambili's better half,Nikhil is working as a superintendent in the Kochi directorate of revenue intelligence.Their daughter Veda is studying in sixth grade at Bhavans Vidya Mandir School, Manjapra.

Talented Bankers wishes Ambily and her family for the best to happen in her artistic voyage in the days to come. May she be able to climb higher echelons of success contributing more and more to the world of art.